സാഹിത്യവാരഫലം

1984/11/25 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1984/11/25-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഇന്ദിരാ ഗാന്ധി

ഈ നവംബർ ഒന്നാം തീയതി ഇതെഴുതുമ്പോൾ ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ പ്രത്യക്ഷ ശരീരം തീൻ മൂർത്തി ഭവനത്തിൽ ശയിക്കുകയാണ്. അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഓരോ വ്യക്തിയും കണ്ണീരൊഴുക്കിക്കൊണ്ട് അന്തിമാഭിവാദനം നിർവഹിക്കുകയാണ്. അവിടെ ചെന്നെത്താൻ ആഗ്രഹമുണ്ടെങ്കിലും അതിനു കഴിയാതെ നിസ്സാരനായ ഞാനും കൂപ്പുകൈയോടെ എന്റെ കണ്ണീർ അവരുടെ പാദങ്ങളിൽ വീഴ്ത്തുകയാണ്. ഇന്നലെ കാലത്ത് പത്തുമണിയോട് അടുപ്പിച്ചു തുടങ്ങിയ ഈ ഹൃദയവേദന ഇതെഴുതുന്ന സന്ദർഭത്തിലും തീക്ഷ്ണമായിരിക്കുന്നു. ഭാരതത്തിലെ ഹൃദയാലുവായ ഓരോ വ്യക്തിക്കും ഈ തീവ്രവേദനയുണ്ടെന്ന് എനിക്കറിയാം.

മരണത്തിന്റെ യവനിക വീണ് ഇന്ദിരാ ഗാന്ധി എന്ന മഹതി അപ്രത്യക്ഷയായിരിക്കുന്ന ഈ സന്ദർഭത്തിൽ അവരുടെ മഹത്ത്വത്തെക്കുറിച്ചൊന്നും എഴുതേണ്ടതില്ല. അത്രയ്ക്കു വിദിതങ്ങളാണ് അവരുടെ മഹത്ത്വവും ഗുണങ്ങളും. നമ്മൾ സ്നേഹിക്കുന്നവരുടെ സ്വാഭാവിക മരണംപോലും നമ്മളെ വല്ലാതെ വേദനിപ്പിക്കും. ക്രൂരതയുടെ രക്തം പുരണ്ട കൈകൾ മഹനീയമായ ജീവിതത്തെ നശിപ്പിക്കുമ്പോൾ നമ്മൾ തളരും. ആ തളർച്ചയും തകർച്ചയുമാണ് നമുക്ക് ഇപ്പോൾ ഉള്ളത്. പക്ഷേ, അസ്വാഭാവികമരണം നമ്മുടെ സ്നേഹത്തെ വർദ്ധിപ്പിക്കുകയും ചെയ്യും. അങ്ങനെ പ്രിയദർശിനി നമുക്കു സുപ്രിയയായി തീർന്നിരിക്കുന്നു. അവരെ സംബന്ധിച്ച അനർഘങ്ങളായ സ്മരണകൾക്കു കൂടുതൽ അനർഘത്വം വരും. ആ സ്മരണകളിൽ വിലയം കൊണ്ടു നമുക്കു കഴിഞ്ഞുകൂടാം. ഇന്ദിരാ പ്രിയദർശിനീ, ഭവതി അനന്തമായ കാലത്തിന്റെ തേജോമയമായ നിമിഷമാണ്. ആ നിമിഷത്തിന്റെ ഔജ്ജ്വല്യം ഞങ്ങളുടെ അന്ധകാരമയമായ മാർഗ്ഗത്തിൽ പ്രകാശം വീഴ്ത്തട്ടെ.



ലിങ്കൺ

തന്റെ മരണത്തെക്കുറിച്ചുള്ള പൂർവബോധം ശ്രീമതി ഇന്ദിരാ ഗാന്ധിക്ക് ഉണ്ടായിരുന്നതായി പത്രത്തിൽ കണ്ടു. ഈ പൂർവജ്ഞാനം പലർക്കും ഉണ്ടായിട്ടുണ്ട്. മരിക്കുന്നതിന് കുറച്ചു മുൻപ് ലിങ്കൺ പലപ്പോഴും സ്വപ്നം കണ്ടു താൻ വധിക്കപ്പെട്ടുമെന്ന്. വൈറ്റ്ഹൗസിൽ തന്റെ മൃതദേഹം കിടക്കുന്നതായിട്ടായിരുന്നു ഒരു സ്വപ്നം. മരിച്ച ദിവസം ഉച്ചയ്ക്കു ശേഷം ലിങ്കൺ മറ്റുള്ളവരോടു പറഞ്ഞു തന്നെ അന്നു കൊല്ലുമെന്ന് (കോളിൻ വിൽസൺ, Encyclopaedia of Murder).

മരണത്തിന്റെ പ്രതീകം

മരണത്തെക്കാൾ ഭയജനകമായി, ദുരന്തസ്വഭാവം ആവഹിക്കുന്നതായി പലതുമുണ്ട്. ദാർശനികനായ ഡോക്ടർ എസ്. രാധാകൃഷ്ണന്റെ അന്ത്യകാലത്തെ കഷ്ടപ്പാടുകളെക്കുറിച്ചു മദ്രാസ്സിലെ ഒരു സുഹൃത്ത് എന്നോടു പറഞ്ഞപ്പോൾ ഈ ലോകത്ത് ആരായി വേണമെങ്കിലും ജനിക്കാം. ഒന്നിലും ഒരർത്ഥവുമില്ല എന്ന് എനിക്കു തോന്നിപ്പോയി. കുട്ടിക്കൃഷ്ണമാരാർ—ജീവിതാസ്തമയത്തിൽ, സത്വഗുണപ്രധാനനായ അദ്ദേഹത്തിനുണ്ടായ ദൗർഭാഗ്യങ്ങൾ ആരെയും കരയിപ്പിക്കുന്നവയാണ്. ഹോമറും മിൽട്ടനും അന്ധരായിരുന്നു. മരണത്തെക്കാൾ യാതനാനിർഭരമാണ് അന്ധത്വം. He is a poet, therefore he is divine എന്ന ബനിഡെറ്റോ ക്രോചേ വാഴ്ത്തിയ ബോദലേർ എന്ന ഫ്രഞ്ച് കവിയുടെ ശബ്ദം ഇല്ലാതെയായി ജീവിതത്തിന്റെ അവസാനത്തോട് അടുത്ത്. അദ്ദേഹം ശബ്ദനാശത്തിനു മുൻപ് മരിക്കേണ്ടിയിരുന്നു. ഈ ചിന്തകൾ എന്നിലങ്കുരിച്ചത് ചെറിയാൻ കെ. ചെറിയാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ “ഇടനാഴി” എന്ന കാവ്യകഥ വായിച്ചതുകൊണ്ടാണ്. ചികിത്സയുടെ യാതന അനുഭവിച്ച് ആശുപത്രിയിൽ കിടക്കുന്ന ഒരു രോഗി പ്ലാസ്മയുടെ സഞ്ചി കുഴലും സൂചിയും ചേർത്ത് വലിച്ചെടുത്ത് ജന്നലിൽക്കൂടി പുറത്തേക്ക് എറിയുന്നു. അത് മൂന്നു നിലകൾക്കു താഴെ കോൺക്രീറ്റ് തറയിൽ വീണു തകരുന്നതുനോക്കി അയാൾ രസിക്കുന്നു. അപ്പോൾ നീണ്ട വെള്ളിത്താടിയുള്ള ഒരാൾ അവിടെയെത്തി അയാളെ കൂട്ടിക്കൊണ്ട് നിത്യതയിലൂടെ നടക്കുന്നു. മരണത്തിന്റെ പ്രതീകമാണ് ആ താടിക്കാരൻ. ഭാവാത്മകതയിലൂടെ സത്യദർശനമരുളുന്ന മനോഹരമായ കഥയാണിത്. വേദനിപ്പിക്കുന്ന സത്യമുണ്ട്; വേദനിപ്പിക്കാത്ത സത്യവുമുണ്ട്. നമുക്ക് ഇഷ്ടപ്പെട്ടവരുടെ മരണം വേദനാജനകമാണ്. ആ വേദനയെ കവിയോ കഥാകാരനോ വേണ്ടമട്ടിൽ ചിത്രീകരിക്കുമ്പോൾ വേദനയുള്ള ലൗകികസ്വഭാവം ഇല്ലാതാകുന്നു.

അതിപീഡനം



The Book of Lists എന്ന ഗ്രന്ഥത്തിൽ വ്യക്തികൾക്കു അതിപീഡ (torture) നല്കുന്ന രാജ്യങ്ങളുടെ പട്ടിക നല്കിയിട്ടുണ്ട്. ബ്രസീൽ, ചിലി, ഇന്ത്യ, ഇറാൻ, പരാഗ്വേ, ഫിലിപ്പിൻസ്, സ്പെയിൻ, ടർക്കി, ഉഗാണ്ട, ഉറുഗ്വേ ഇവയാണ് ആ രാജ്യങ്ങൾ. കത്തിച്ച സിഗററ്റ്, ആസിഡ് ഇവകൊണ്ടുള്ള പൊള്ളിക്കൽ, ബലാൽസംഗം, ഇരുമ്പുകമ്പി കൊണ്ടുള്ള അടി, മലദ്വാരത്തിലും ജനനേന്ദ്രിയത്തിലും ഇലക്ട്രിക്ക് ഷോക്ക് നൽകൽ, നഖം വലിച്ചെടുക്കൽ, ഏകാന്തത്തടവ് ഇങ്ങനെ പലതും. ഇന്ത്യയെക്കുറിച്ചുള്ള പരാമർശത്തിൽ പ്രതിഷേധിച്ച് ഞാൻ ഗ്രന്ഥമിറങ്ങിയ കാലത്ത് പ്രസാധകർക്ക് എഴുതിയിരുന്നു. മറുപടി കിട്ടിയില്ല. അവരുടെ ഒരു പ്രതിനിധിയെ ഇവിടെ വച്ചു കണ്ടപ്പോൾ ഞാനതിനെക്കുറിച്ചു സംസാരിച്ചു. They are documented Cases എന്നു മറുപടി നല്കി അയാൾ. സത്യമെന്തുമാകട്ടെ. ഈ മർദ്ദന മുറകളെക്കാൾ ക്രൂരമായിട്ടാണ് സച്ചിദാനന്ദനും ചാത്തനാത്ത് അച്യുതനുണ്ണിയും വായനക്കാരെ പീഡിപ്പിക്കുന്നത്. കുറെക്കാലമായി ഞാൻ സച്ചിദാനന്ദന്റെ ലേഖനങ്ങൾ വായിക്കുകയാണ്. അടുത്ത കാലത്ത് കലാകൗമുദിയിലും മാതൃഭൂമിയിലും വന്ന അദ്ദേഹത്തിന്റെ ലേഖനങ്ങളും വായിച്ചു. ഒരക്ഷരം പോലും മനസ്സിലായില്ല. വായനയുടെ ഫലമായി യാതന മാത്രം. ഇപ്പോൾ അച്യുതനുണ്ണിയും അദ്ദേഹത്തിന്റെ കൂട്ടുകാരനായി വന്നിരിക്കുന്നു. മാതൃഭൂമിയിൽ അദ്ദേഹമെഴുതിയ കവിതയിലെ പ്രരൂപങ്ങൾ എന്ന പ്രബന്ധം നോക്കുക. ചില വാക്യങ്ങൾ എടുത്തെഴുതാം.

> “പ്രത്യക്ഷങ്ങളെല്ലാം സ്വയം അപ്രധാനമായിനിന്നുകൊണ്ട് പരോക്ഷങ്ങളായ അനേകം പ്രരൂപങ്ങളുടെ സംഘാതമുളവാക്കുന്നു. അനേകമാനമെങ്കിലും കേവലമായ ഈ പ്രരൂപസംഘാതം അപരിമേയമായ അർത്ഥസാധ്യതകളുടെ ആകരമത്രെ. അതുകൊണ്ടുതന്നെ, എല്ലാ ഭൗതിക വ്യക്തിബോധങ്ങളും അദിജ്ഞാനങ്ങളും (Identity) അതിൽ വിലയം കൊള്ളുന്നു. അവിടെ വക്താവും ശ്രോതാവും വേർതിരിച്ചറിയപ്പെടുന്നില്ല.”

ഇതിൽ നിന്ന് എന്തു മനസ്സിലായി? ഇക്കാരണത്താലാണ് ഇവർ രണ്ടുപേരും വായനക്കാരെ ടോർച്ചർ ചെയ്യുന്നുവെന്ന് ഞാൻ പറഞ്ഞത്. സച്ചിദാനന്ദനെയും അച്യുതനുണ്ണിയെയും എനിക്കു നേരിട്ടറിയാം. സുജനമര്യാദയോടു പെരുമാറുന്ന നല്ല വ്യക്തികൾ. ആ സുജനമര്യാദ രചനകളിൽക്കൂടി അവർ പ്രദർശിപ്പിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അർത്ഥനിവേദനം നടക്കുന്നില്ലെങ്കിൽ രചനകൊണ്ടെന്തു പ്രയോജനം?

നെപ്പോളിയനോടു ജോലിക്ക് അപേക്ഷിക്കുമ്പോൾ വിദ്യാഭ്യാസയോഗ്യത നോക്കിയല്ല അദ്ദേഹം ജോലി കൊടുത്തിരുന്നത്. “അയാൾ വല്ലതുമെഴുതിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ ശൈലി ഏതുവിധത്തിലുള്ളതാണെന്ന് ഞാൻ കാണട്ടെ” എന്ന് അദ്ദേഹം പറഞ്ഞിരുന്നു. നല്ല ശൈലി കഴിവിന്റെ, സ്വഭാവദാർഢ്യത്തിന്റെ ഫലമാണെന്നു നെപ്പോളിയൻ കരുതി. ഇന്നു വാരികകളിലെഴുതുന്ന പലരും നെപ്പോളിയന്റെ കാലത്താണ് ജീവിച്ചതെങ്കിൽ? ഒരു ജോലിയും അവർക്കു കിട്ടുമായിരുന്നില്ല. മാത്രമല്ല ദ്യൂക്ക് ദാങ്ഗ്യയങ്ങിന് വന്ന ദുരന്തം അവരെസ്സംബന്ധിച്ചും ഉണ്ടാകുമായിരുന്നു. (dud d’ Enghien)—ഈ പ്രഭുവിനെ വീട്ടിൽനിന്നു തട്ടിക്കൊണ്ടുവന്ന് ഏതാനും മണിക്കൂറിനകം സൈനിക കോടതിയിൽ വിചാരണ ചെയ്തു. എന്നിട്ട് വധിച്ചു കളഞ്ഞു. (ടോൾസ്റ്റോയിയുടെ War and Peace-ൽ ഈ സംഭവത്തിന്റെ പരാമർശം ഉണ്ട്.)

ഹാസ്യലഹരി

സുന്ദരമായ ഹാസ്യകവിതയാണ് വി. എ. കേശവൻ നമ്പൂതിരിയുടെ “ഗംഗാലഹരി” (കുങ്കുമം വാരിക). ഗ്രാമത്തിൽ താമസിച്ച കാലത്ത് പൂന്തെളിവെള്ളത്തിൽ നീന്തിക്കുളിച്ച കവി ഇപ്പോൾ പട്ടണത്തിലാണ് വാസം. ഇവിടെ കൈതോന്നി എണ്ണ തലയിലും പിണ്ഡതൈലം മേലിലും തേച്ചു ഷൗവറിന്റെ താഴത്തു നില്ക്കുകയാണ് അദ്ദേഹം. പക്ഷേ, പട്ടണമല്ലേ? വെള്ളംകിട്ടുന്നില്ല. പൈപ്പ് വെള്ളത്തെ ഗംഗയായി സങ്കല്പിച്ച് അദ്ദേഹം ആഹ്വാനം ചെയ്യുന്നു:

> ഗംഗേ വരിക വരിക!-
> ഞാൻ പൈപ്പിന്റെ
> സംഗമത്തിൽ സ്നാന-
> ലോലനായ് നില്ക്കയാം
> നിന്നെത്തലയിലെ-
> ടുത്തു ലാളിക്കുവാൻ
> നിന്നെപ്പുണരുവാൻ,
> നിന്നിൽ മുഴുകവാൻ
> ഭിന്നരാകുന്ന നാമെന്ന ഭേദംവരാ-
> തൊന്നാകുവാ, നലിഞ്ഞി-
> ല്ലാതെയാകുവാൻ
> സന്നതാംഗീ, കൊതിക്കു-
> ന്നുഞാൻ; വൈകാതെ
> വന്നാലു, മൂഴിയിൽ
> സ്വർഗ്ഗം രചിക്കുവാൻ,

ആഹ്വാനം കേട്ടിട്ടും കുഴൽവെള്ളമാകുന്ന ഗംഗ എത്തുന്നില്ല. അപ്പോൾ ശിവനായി നില്ക്കുന്ന കവി വീണ്ടും വിളിക്കുന്നു!

> കുന്നിൻ മകൾ കണ്ടുപോ-
> മെന്നു ചിന്തിച്ചു
> കുന്നിച്ച ലജ്ജയാൽ-
> ച്ചൂളിയിരിക്കയോ
> നിന്നെജ്ജടയിലൊ-
> ളിപ്പിച്ചിടാമിവ-
> നൊന്നു വരികെന്റെ
> സൗന്ദര്യനിർഝരീ!

എന്തൊരന്തസ്സുള്ള ഫലിതം മനുഷ്യനിലും അവന്റെ സമുദായത്തിലും തൊട്ടു നില്ക്കുന്ന കവിത. ഇതിനൊരു മുദ്രത്വമുണ്ട്. മനോഹാരിതയുണ്ട്. കലയുടെ ചട്ടക്കൂട്ടിലൊതുങ്ങിയ സമൂഹ പരിഷ്കരണ സ്വഭാവമുണ്ട്. “നെല്ലിൻപാടങ്ങളിൽക്കൂടി വളഞ്ഞൊഴുകുന്ന” ആറുകളെ കണ്ടാലുണ്ടാകുന്ന ഉൾക്കുളിര്.

ചില വാക്യങ്ങളിലൂടെ സമൂഹവിമർശനം നടത്താൻ എനിക്കും കൊതി:

1. ജീവിതകാലമത്രയും അമ്മയെ നിന്ദിച്ചവൾ അവരുടെ മരണത്തിനു ശേഷം വീടു വച്ച് അവരുടെ പേരിടുന്നു—ലക്ഷ്മീനിലയം, കമലാലയം, വിജയനിലയം.
2. അച്ഛന്റെ ജീവിതകാലമത്രയും അദ്ദേഹത്തെ നിന്ദിച്ച മകൻ അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ഫോട്ടോ എൻലാർജ് ചെയ്തു വച്ച് ദിവസവും പത്തു പൈസയുടെ പിച്ചിപ്പൂമാല അതിൽ ചാർത്തുന്നു.
3. നെട്ടയത്തേക്കുള്ള അവസാനത്തെ ബസ്സ് അധികം യാത്രക്കാരില്ലാതെ പോകുമ്പോൾ ബസ്സ്സ്റ്റോപ്പിൽ വച്ച് അതിൽ ഓടിക്കയറാൻ ശ്രമിക്കുന്ന പാവത്തിനോട് കണ്ടക്ടർ “പിറകെ മറ്റൊരു നെട്ടയം ബസ്സ് ഒഴിഞ്ഞു വരുന്നു. അതിൽ വരാം” എന്നു മൊഴിയുന്നു.
4. കേരളത്തിലാകെയും ഇന്ത്യയിൽ ചിലയിടങ്ങളിലും പ്രസിദ്ധനായ സാഹിത്യകാരൻ മരിക്കുന്നു. മൃതദേഹം ബഹുജനദർശനത്തിന് പൊതുസ്ഥാപനത്തിൽ കിടത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ മകൾ പട്ടുവസ്ത്രങ്ങളിൽ ശരീരം കടത്തി തോട പോലുള്ള കമ്മലുകൾ ഇട്ട്, സിന്ദൂരപ്പൊട്ടു ചാർത്തി, പൗഡറണിഞ്ഞ് ആ മൃതദേഹത്തിനടുത്ത് ഇരിക്കുന്നു.
5. എം.എൽ.എമാരെ നേർവഴിക്കു നടത്താനായി ധർണയ്ക്കുവന്ന സന്മാർഗ്ഗനിരതൻ വെറും നേരമ്പോക്കിനു വേണ്ടി അദ്ദേഹത്തെ ഒന്നു കളിയാക്കിയ വാരികയേയും ആ കളിയാക്കൽ നന്നായി എന്നു പറഞ്ഞ ഒരെഴുത്തുകാരനെയും അസഭ്യങ്ങളിൽ കളിപ്പിക്കുന്നു.
6. ഡോക്ടറെ കാണാനുള്ള തന്റെ ഊഴം എത്തിയെന്നു വിചാരിച്ചു രോഗി സന്തോഷത്തോടെ എഴുന്നേല്ക്കുമ്പോൾ അയാളെ തട്ടിമാറ്റിക്കൊണ്ട് മെഡിക്കൽ റെപ്രെസെന്റേറ്റീവ് കനത്ത ബാഗുമായി ഡോക്ടറുടെ മുറിയിലേക്കു കയറിപ്പോകുന്നു.

പ്രായംകൂടിയവൻ നിന്ദ്യൻ

മലയാളം ഐച്ഛികവിഷയമായി സ്വീകരിച്ച് കഷ്ടിച്ചു സെക്കൻഡ് ക്ലാസ്സിൽ ബി. എ. ജയിച്ചതിനു ശേഷം പലതവണ റോഡിൽ നിന്നു കോളേജിലേക്കും കോളേജിൽ നിന്നു റോഡിലേക്കും യഥാക്രമം കയറിയും ഇറങ്ങിയും നടന്ന് എം. എ. ക്ലാസ്സിൽ അഡ്മിഷൻ നേടുന്ന ചില പയ്യന്മാരുണ്ട്. തഴക്കവും പഴക്കവും ഉള്ള പ്രായംകൂടിയ അദ്ധ്യാപകർ അവരെ പഠിപ്പിക്കാൻ ക്ലാസ്സിലെത്തിയാൽ ആ അല്പജ്ഞരായ പിള്ളേർ അവരെ പുച്ഛിച്ചു നോക്കുന്ന പതിവുണ്ട്. “പഠിപ്പിക്കാൻ വന്നിരിക്കുന്നു, ഇയാൾക്കെന്തറിയാം. എനിക്ക് അറിയാവുന്നതിന്റെ ആയിരത്തിലൊരംശം പോലും ഈ ഏഭ്യന് അറിഞ്ഞുകൂടാ” എന്ന് അവർ നോട്ടം കൊണ്ടു ധ്വനിപ്പിച്ചു കളയും. ഇതു കോളേജിൽ മാത്രമല്ല കാണുക. ജൂനിയർ വക്കീൽ സീനിയർ വക്കീലിനെ പുച്ഛിക്കുന്നു. പത്രമാപ്പീസിലെ ടേബിളുകാരൻ ഡസ്കുകാരനെ പുച്ഛിക്കുന്നു. (ടെക്നിക്കൽ വാക്കിന്റെ പ്രയോഗം ശരിയാണോ എന്തോ?) ഇൻറേൺ (ആശുപത്രിയിൽ താമസിച്ചു ചികിത്സയിൽ പരിശീലനം നേടുന്നവൻ) സീനിയർ ഡോക്ടറെ പുച്ഛിക്കുന്നു. സീനിയർ ഡോക്ടർ അയാളുടെ മേലുദ്യോഗസ്ഥനെ പുച്ഛിക്കുന്നു. സന്ന്യാസി മഠങ്ങളിലുമുണ്ട് ഈ കൊള്ളരുതായ്മയുടെ വിളയാട്ടം. ഏറ്റവും പ്രായം കുറഞ്ഞ സന്ന്യാസിക്ക് മഠാധിപതിയെ പുച്ഛമാണ്. ജൂനിയർ ഡോക്ടർമാർക്കുള്ള ഈ മനോഭാവത്തെ കലാചാതുരി കലർത്തി പരിഹസിക്കുന്ന ഒരു കഥയുണ്ട് കുങ്കുമം വാരികയിൽ; സുജാതയുടെ ‘അരവൈദ്യൻ’ (മുറിവൈദ്യൻ എന്ന പേരു കുറേക്കൂടി മെച്ചപ്പെട്ടതാണ്). ചെറുപ്പക്കാരൻ ഡോക്ടർ തന്നെ ശാസിക്കുന്ന വയസ്സൻ ഡോക്ടറെ പുച്ഛിക്കുന്നു, അപവദിക്കുന്നു. പക്ഷേ പാമ്പുകടിയേറ്റ് ആശുപത്രിയിലെത്തിയ ഒരു യുവാവിനെ ആ ചെറുപ്പക്കാരൻ ഡേക്ടറുടെ അശ്രദ്ധയും അപ്രഗത്ഭതയും മരണത്തിലേക്കു തള്ളി വിടുന്നു. അപ്പോഴും പ്രായം കൂടിയ ഡോക്ടർ തന്റെ ജൂനിയറെ രോഗിയുടെ ബന്ധുക്കൾ നടത്താവുന്ന ആക്രമണത്തിൽ നിന്നു രക്ഷിക്കുന്നു. “വിലകൂട്ടും വാർദ്ധകത്തുവെള്ളിക്കു യൗവനത്തങ്കത്തെക്കാൾ”. പ്രതിപാദ്യ വിഷയത്തിനു യോജിച്ച ശൈലിയാണു സുജാതയുടേത്. ആഖ്യാനവും ജലത്തിൽ വീണ നിലാവു പോലെ അതിനെ തേജോമയമാക്കുന്ന നർമ്മബോധവും ഒന്നാന്തരം.

ഡോക്ടർമാർ വായിക്കേണ്ട ചില പുസ്തകങ്ങൾ: (1) ആക്സൽ മുന്തേയുടെ ആത്മകഥ; സാൻമീക്കേലി (San Michele), (2) ഓസ്ട്രിയൻ സോഷ്യൽ ക്രിട്ടിക് ഐവാൻ ഇലിച്ചിന്റെ Limits to Medicine, (3) എഫ് കാപ്രയുടെ The Turning Point എന്ന പുസ്തകത്തിൽ മെഡിസിനെക്കുറിച്ചുള്ള അദ്ധ്യായം, (4) The Lives of a cell, The Medusa and the Snail ഈ ഗ്രന്ഥങ്ങളെഴുതി വിശ്വവിഖ്യാതനായ എൽ. തോമസിന്റെ (Lewis Thomas) ആത്മകഥ (The Youngest Science എന്നു പേര്).

1, 2, 3, 4.

ഫ്ളാഷ് ലൈറ്റിൽ പുതിയ ബാറ്ററിയിട്ടു സ്വിച്ചമർത്തിയാൽ ഇരുട്ടത്തു ഭൂവിഭാഗം തെളിഞ്ഞു കാണാം. ബാറ്ററിയുടെ ശക്തി ക്ഷയിച്ചു വരുന്തോറും പ്രകാശം ചെന്നു വീഴുന്ന ഭാഗങ്ങൾ അസ്പഷ്ടങ്ങളായി കാണപ്പെടും. കെ. ജയചന്ദ്രന്റെ കഥയാകുന്ന ഫ്ളാഷ് ലൈറ്റിലെ ബാറ്ററി എപ്പോഴും ശക്തി കുറഞ്ഞതാണ്. അതിനാൽ അദ്ദേഹം കാണിച്ചു തരുന്ന ഭൂവിഭാഗങ്ങൾ അവ്യക്തങ്ങളാണ്. കലാകൗമുദിയിലെ “അയനം” എന്ന ചെറുകഥയുടെ സ്ഥിതിയും വിഭിന്നമല്ല. തീവണ്ടിയോടിക്കുന്ന അച്ഛൻ ഒരിക്കലും വീട്ടിൽ വരാത്തതിനെച്ചൊല്ലിയുള്ള മകന്റെ പരിദേവനമെന്നമട്ടിൽ രചിക്കപ്പെട്ട ഇക്കഥയിലെ സിംബലിസം വ്യക്തമല്ല. ആഖ്യാനത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട ബന്ധദാർഢ്യം ഇതിലില്ല. കഥയുടെ അന്തരീക്ഷമില്ല. സ്വഭാവചിത്രീകരണമില്ല. ഭാവശില്പമില്ല. ചുരുക്കത്തിൽ ഒന്നുമില്ല. ഒരു ‘കൺഫ്യൂസ്ഡ് മൈൻഡാ’ണ് ഇതിൽ പ്രതിഫലിക്കുക. റഷ്യൻ സാഹിത്യകാരനായ എ. പി. പ്ലേറ്റോനോവ് Fierce, Fine World എന്നൊരു ചെറുകഥ എഴുതിയിട്ടുണ്ട്. തീവണ്ടിയോടിക്കുന്നവന്റെ കഥയാണത്. ജയചന്ദ്രൻ അതൊന്നു വായിച്ചു നോക്കിയാൽ കഥയുടെ ടോർച്ച് അന്ധകാരത്തിലാണ്ട വസ്തുക്കൾക്കും വസ്തുതകൾക്കും ജീവൻ നല്കുന്നതെങ്ങനെയെന്ന് ഗ്രഹിക്കാൻ കഴിയും. ഋജുതയാർന്ന ആഖ്യാനത്തിൽ 1, 2, 3, 4, 5 എന്ന ക്രമത്തിലാണ് കഥ മുന്നോട്ടു പോകുന്നത്. ജയചന്ദ്രൻ 1 1/2, 8/128, 4, 100/28 എന്ന മട്ടിലാണ് കഥയെഴുതുന്നത്. ഫലം വായനക്കാരനു ചിന്താക്കുഴപ്പവും തലവേദനയും.

ഈറ്റാലോ കാൽവീനോ നോബൽ സമ്മാനത്തിന് അർഹതയുള്ള ഇറ്റാലിയൻ സാഹിത്യകാരനാണ്. അദ്ദേഹത്തിന്റെ A Judgement എന്ന കഥ യഥാസംഖ്യമായ ക്രമത്തിന് ഉദാഹരണമായി നല്കാം. ക്ലെറീചി ജഡ്ജിയുടെ വിധികൾ ജനങ്ങളെ ക്ഷോഭിപ്പിച്ചിരുന്നു. ആളുകൾ തന്നെ വെറുക്കുന്നുവെന്നു ജഡ്ജിയും മനസ്സിലാക്കിയിരുന്നു. താൻ തികഞ്ഞ ന്യായബോധത്തോടെയാണ് വിധികൾ പ്രസ്താവിക്കുന്നതെന്ന് ഉറച്ചു വിശ്വസിച്ച ജഡ്ജി ഇറ്റലിയിലെ ജനങ്ങളെ വെറുത്തു, പുച്ഛിച്ചു. ഇക്കൂട്ടർ ജനിക്കാതിരുന്നെങ്കിൽ എന്നേ അദ്ദേഹം വിചാരിച്ചുള്ളു. അന്നും ജഡ്ജി കോടതിയിലെത്തി. കഴിഞ്ഞ കാലത്തെ പല തവണയായി ഉണ്ടായ കാലത്തെ ബോംബേറു കൊണ്ടു തകർന്ന കോടതിക്കെട്ടിടം. ജനക്കൂട്ടം ബഹളംകൂട്ടി തള്ളിക്കയറുമായിരുന്നു അതിനകത്തേക്ക്. പക്ഷേ, അന്ന് എല്ലാവരും നിശ്ശബ്ദർ. ഒരു മുദ്രാവാക്യം പോലും മുഴങ്ങിയില്ല. വിചാരണ തുടങ്ങി. ഭവനഭേദനം നടത്തിയവരുടെ നേർക്കുള്ള കുറ്റാരോപണമല്ല; വിചാരണയുമല്ല. ഇറ്റലിക്കാരെ യുദ്ധത്തിൽ പിടികൂടി വെടി വച്ചു കൊന്ന ചിലരെയാണ് അന്നു വിചാരണ ചെയ്യുന്നത്. നിയമം! കറുത്തതിനെ വെളുത്തതും വെളുത്തതിനെ കറുത്തതുമാക്കാൻ കഴിവുള്ളതാണത്. എല്ലാ കുറ്റക്കാരെയും വെറുതെ വിട്ടുകൊണ്ട് ജഡ്ജി വിധി പ്രസ്താവിച്ചു.

മറ്റൊരു കുറ്റക്കാരൻ പ്രതിക്കൂട്ടിൽ നില്ക്കുകയാണ്: “അവൻ തന്നെ... എന്റെ കണ്ണു കൊണ്ടു കണ്ടതാണ്... എടാ പന്നി...” എന്ന് ഒരാൾ വിളിക്കുന്നു. കുറ്റക്കാരൻ ശാന്തനായി നിന്നു. ആ ശാന്തത കണ്ട് ജഡ്ജിക്ക് അയാളോട് അസൂയ തോന്നി. വിചാരണ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരുത്തൻ കയറു കൊണ്ടു വന്ന് അതിന്റെ ചുരുളഴിക്കുന്നത് അദ്ദേഹം കണ്ടു. കയറെന്തിന് ഇവിടെ? പെട്ടെന്ന് മുളകൾ കൊണ്ടുണ്ടാക്കിയ ഗ്യാലോസ് – തൂക്കുമരം – ഉയർന്നു. അതിൽ കുരുക്കിട്ട കയറും. ജഡ്ജി വിചാരിച്ചു. “വിവരം കെട്ട മണ്ടന്മാർ. അവർ വിചാരിക്കുന്നുണ്ടാവും കുറ്റക്കാരനെ തൂക്കിക്കൊല്ലുമെന്ന്. ഞാൻ കാണിച്ചു കൊടുക്കാം അവർക്ക്”. കോടതിയിലെ ക്ലാർക്ക് ജഡ്ജിയുടെ മുൻപിൽ എഴുതിയ കടലാസ്സുകൾ കൊണ്ടു വച്ചു. അദ്ദേഹം ഒപ്പിട്ടു. ഒരു കടലാസ്സിന്റെ താഴത്തെ അറ്റം മാത്രമേ ക്ലാർക്ക് ഒപ്പിടാൻ വേണ്ടി കാണിച്ചു കൊടുത്തുള്ളൂ. ജഡ്ജി അതിലും ഒപ്പിട്ടു. ആ ഒപ്പിനു മുകളിലായി ഇങ്ങനെ: “കെറീചി ജഡ്ജി വളരെക്കാലമായി പാവപ്പെട്ട ഇറ്റലിക്കാരെ അപമാനിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതുകൊണ്ട് അയാൾ പട്ടിയെപ്പോലെ ചാകാൻ വിധിക്കപ്പെട്ടിരിക്കുന്നു”. രണ്ടു പൊലീസുകാർ അദ്ദേഹത്തിന്റെ അടുത്തുവന്നു തൊടാതെ “വരൂ” എന്നു വിളിച്ചു. “ആ തൂക്കുമരത്തിൽ കയറൂ. കുരുക്കിൽ കഴുത്തിടൂ. ഇനി സ്റ്റൂളിന് ഒരു തട്ടുകൊടുക്ക്” എന്ന് അവർ ആജ്ഞാപിച്ചു. ജഡ്ജി സ്റ്റൂൾ തട്ടിയിട്ടു. കയറു കഴുത്തിൽ മുറുകി. തൊണ്ടയടഞ്ഞു. കണ്ണുകൾ തള്ളി... ഇരുട്ടിനു കനം കൂടിക്കൂടി വന്നു. കോടതി മുറ്റം വിജനമായി. ജഡ്ജി മരിക്കുന്നതു പോലും കാണാൻ ആരും ചെന്നില്ല.

തകർന്ന ഇറ്റലിയുടെ ചിത്രമാകെ ഇതിലുണ്ട്. എന്നാൽ അതു കാണിക്കാനല്ല ഞാൻ ഈ സംഗ്രഹം നല്കിയത്. ന്യൂമറിക്കൽ ഓർഡർ—സംഖ്യയനുസരിച്ചുള്ള ക്രമാനുഗതമായ ആഖ്യാനം കഥയ്ക്കു എങ്ങനെ ഉജ്ജ്വലത നല്കും എന്നതു വ്യക്തമാക്കാനാണ്.

പഴയ വിഷയം

ആർതറിന്റെ കൈ നോക്കി ഹസ്തരേഖാശാസ്ത്രജ്ഞൻ പറഞ്ഞു അയാൾ കൊലപാതകം ചെയ്യുമെന്ന്. ആ ഹസ്തരേഖാ ശാസ്ത്രജ്ഞനെ ആർതർ തെംസ് നദിയിൽ തള്ളിയിട്ടു കൊന്നു. ഇതാണ് ഓസ്കർ വൈൽഡ് എഴുതിയ ഒരു കഥയുടെ സാരം. രാജാവ് ഏതാനും ദിവസങ്ങൾക്കകം മരിക്കുമെന്ന് ജ്യോത്സ്യൻ പറഞ്ഞപ്പോൾ അയാൾക്ക് എത്ര കാലം ജീവിതമുണ്ടെന്ന് രാജാവ് ചോദിച്ചു. താൻ ദീർഘ കാലം ജീവിച്ചിരിക്കുമെന്ന് ജ്യോത്സ്യന്റെ മറുപടി. രാജാവ് വാളുകൊണ്ട് അയാളുടെ കഴുത്തു കണ്ടിച്ചു തല താഴെ വീഴ്ത്തി. ജ്യോത്സ്യം തെറ്റാണെന്നു തെളിഞ്ഞു. ഇങ്ങനെ എത്രയെത്ര കഥകൾ. ഈ പഴയ വിഷയം തന്നെയാണ് എം. സി. രാജനാരായണൻ ചെറുകഥയാക്കിയിരിക്കുന്നത്. വിമല എന്ന കൈനോട്ടക്കാരി മിറാൻഡയുടെ കൈ നോക്കി പറയുന്നു അവൾ ഉടനെ മരിക്കുമെന്ന്. എന്നാൽ വിമല അന്നു തന്നെ കാറപകടത്തിൽ മരിച്ചു. (ജനയുഗം വാരികയിലെ ‘നിറങ്ങൾ’ എന്ന കഥ. വാരിക കൈയിലില്ല. വായിച്ച ഓർമ്മയിൽ നിന്നെഴുതുന്നത്.) ഇമ്മട്ടിൽ കഥയെഴുതുന്നതിന്റെ പ്രയോജനം എന്താണാവോ? പ്രതിഫലത്തെ ലക്ഷ്യമാക്കിയാണോ? എങ്കിൽ ഇതിനെക്കാൾ മാന്യമായ എന്തെല്ലാം വേറെയുണ്ട്!

ധർമ്മച്യുതി



കെ. എം. തരകൻ

കാര്യഗൗരവമുള്ള ഒരു വിഷയത്തെക്കുറിച്ചാണ് പ്രൊഫസർ കെ. എം. തരകൻ മനോരമ ആഴ്ചപ്പതിപ്പിൽ ഉപന്യസിക്കുന്നത്. “ഇടിച്ചു തള്ളാതെയും കാലു പിടിക്കാതെയും കാലു വാരാതെയും കൂട്ടം കൂടാതെയും ധർണ നടത്താതെയും ജാഥയിൽ ചേരാതെയും” ഒരാൾക്കും ഒന്നും നേടാൻ കഴിയാത്ത രാജ്യമല്ലേ ഇത്? എന്ന് അദ്ദേഹം ചോദിക്കുന്നു. തുടർന്നു പറയുന്നു: “നിങ്ങൾ ഞെട്ടുന്ന ആ ഞെട്ടലുണ്ടല്ലോ അതും വ്യാജമാണ്” സത്യം സത്യമായി ആവിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ശക്തിയാണ് ഈ വാക്യങ്ങൾക്ക്.

ധർമ്മച്യുതിയുടെ നേർക്കാണ് പ്രൊഫസറുടെ ഉപാലംഭം. അതു ശരിയാണു താനും. കലയിലെ അപമാനവീകരണവും മൂല്യധ്വംസനവും ജനസംഖ്യാവർദ്ധനയും ഇതിന്റെ കാരണങ്ങളാണ്. ജനസംഖ്യ വർദ്ധിച്ചതുകൊണ്ട് ലഭ്യങ്ങളായ സാമ്പദിക വിഭവങ്ങളിൽ സമ്മർദ്ദം ഉണ്ടാകുന്നു. വിഭവങ്ങൾ പരിമിതങ്ങളായതുകൊണ്ട് ഇടിച്ചു തള്ളലും കാലു പിടിക്കലും കാലു വാരലും ഉണ്ടാകുന്നു. സാഹിത്യത്തിലെ അപമാനവീകരണം. ചലച്ചിത്രങ്ങളിലെ സെക്സ്, സമൂഹത്തിലെവിടെയും ഉള്ള മൂല്യധ്വംസനം ഇവ മനുഷ്യത്വത്തെ നശിപ്പിക്കുന്നു. എനിക്കും പ്രൊഫസർ തരകനും ഇതിൽ നിന്ന് ഒഴിഞ്ഞുനില്ക്കാനാവില്ല. പ്രൊഫസർ തരകൻ എന്റെ സാഹിത്യ രചനകളെ വിമർശിച്ചിട്ടുണ്ടെങ്കിൽ ഞാനതു് അംഗീകരിക്കാതെ അദ്ദേഹത്തെ തേജോവധം ചെയ്യാൻ ശ്രമിക്കും. ഞാൻ ഒരു ത്രൈമാസികത്തിന്റെ അധിപരാണെങ്കിൽ ധിഷണാജീവിതം നയിക്കുന്ന അദ്ദേഹത്തോട് ലേഖനം ചോദിക്കില്ല. സകല അണ്ടന്മാരുടെയും അടകോടന്മാരുടെയും ലേഖനങ്ങൾ ചോദിച്ചു വാങ്ങി, അതിൽ പ്രസിദ്ധപ്പെടുത്തും. അങ്ങനെ അദ്ദേഹത്തെ അപമാനിക്കും. എന്നിട്ട് ഞാൻ യോഗ്യനായി ഭാവിക്കുകയും ചെയ്യും. ലോകഗതി ഇതാണ്. കാലികമായി പ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് എഴുതിയ പ്രൊഫസർ അഭിനന്ദനമർഹിക്കുന്നു.

നവംബർ മൂന്ന്. സമയം അഞ്ചു മണി. ഭാരതീയർ ഹൃദയം പൊട്ടുന്ന മട്ടിൽ നിലവിളിക്കുമ്പോൾ ഹതാശനൻ ഭാരതത്തിന്റെ ധീരയായ സന്താനത്തിന്റെ നിശ്ചേതനമായ പ്രത്യക്ഷ ശരീരത്തെതന്നിലേക്കു ആവാഹിക്കുകയാണ്. ഇന്ദിരാ പ്രിയദർശിനീ, മൂകമായ കാലം ഭവതിക്ക് അനുകൂലമായ വിധിനിർണ്ണയമേ നടത്തൂ. ഭവതി അത്രയ്ക്കു സമാരാദ്ധ്യയും സുപ്രിയയും ആണല്ലോ. പക്ഷേ, ഹതഭാഗ്യരായ ഞങ്ങളുടെ കണ്ണീർ ഒരിക്കലും തോരുകയില്ല.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.